**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225** **18-03-2022 - ൽ മറുപടിയ്ക്ക്**

**തീരക്കടലിലെ മത്സ്യ ലഭ്യത വര്‍ദ്ധിപ്പിക്കാന്‍ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു.എ.ലത്തീഫ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ മൂലം തീരക്കടലിലേക്ക് രാസമാലിന്യങ്ങള്‍ ഒഴുകി ഇറങ്ങുന്നത് ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനാല്‍ പ്രസ്തുത പ്രദേശങ്ങളില്‍ മത്സ്യ ലഭ്യത വന്‍തോതില്‍ കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ മൂലം തീരക്കടലിലേക്കു രാസ മാലിന്യങ്ങള്‍ ഒഴുകി ഇറങ്ങി ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു എന്നൊരു വിഷയം ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയില്‍ വന്നിട്ടില്ല. |
| (ബി) | തീരക്കടലിലെ മത്സ്യ ലഭ്യത വര്‍ദ്ധിപ്പിക്കുവാന്‍ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കടല്‍ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തില്‍ വിവിധ മത്സ്യ ഇനങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകള്‍ സൃഷ്ടിക്കുന്നതിനും സംരക്ഷിയ്ക്കുന്നതിനും നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. a. കൃത്രിമ ആവാസ വ്യവസ്ഥകള്‍ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയുടെ തീരക്കടലില്‍ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു. ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി, പൂന്തുറ, ബീമാപ്പള്ളി, വലിയതുറ, പുതിയതുറ, പൂവാര്‍, കൊല്ലംകോട്, പരുത്തിയൂര്‍, പള്ളം അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലില്‍ ആണ് കൃത്രിമ പാരുകള്‍ നിക്ഷേപിച്ചിട്ടുള്ളത്. b. തീരക്കടലിലെ മത്സ്യബന്ധന സമ്മര്‍ദ്ദം കുറയ്ക്കുന്നതിന് 20 മീറ്റര്‍ വരെ നീളമുള്ളതും, 250 Hp വരെ എഞ്ചിന്‍ ക്ഷമതയുള്ളതുമായ യാനങ്ങള്‍ക്ക് മാത്രമായി തീരക്കടലില്‍ മത്സ്യബന്ധന ലൈസന്‍സ് പരിമിതപ്പെടുത്തി. c. നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സ് സീന്‍, പെലാജിക് ട്രോള്‍, മിഡ് വാട്ടര്‍ ട്രോള്‍, പെയര്‍ ട്രോള്‍ എന്നിവയും സ്ഫോടക വസ്തുക്കള്‍, ഡൈനാമിക്, കൃത്രിമപ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചു. d. മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കിയുള്ള ഫിഷറീസ് മാനേജ്മെന്റ് കൗണ്‍സിലുകള്‍ രൂപീകരിച്ച് ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പിക്കുന്നു. e. ചെറുമത്സ്യബന്ധനം തടയുന്നതിന് കേരള തീരത്ത് |

| | | | |
|---|---|---|---|
| | | | സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലുപ്പം നിശ്ചയിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പാക്കി വരുന്നു. f. മത്സ്യപ്രജനന കാലത്ത് ട്രോളിംഗിന് ഏർപ്പെടുത്തിയിരുന്ന നിരോധനം 47 ദിവസത്തിൽ നിന്നും 52 ആയി വർദ്ധിപ്പിച്ച് നടപ്പാക്കി. |

സെക്ഷൻ ഓഫീസർ